ഗവ. യു.പി.എസ്

പന്തളം

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

2025 – 2026

# ഗവ: യു.പി.എസ്. പന്തളം

## വിദ്യാലയത്തിന്റെ സ്ഥാനം

പന്തളം മുൻസിപ്പാലിറ്റിയിലെ 8-ാം വാർഡിൽ എം.സി. റോഡിന്റെ അരികിലായി ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. കുളനട ഭാഗത്തു നിന്നും, കടയ്ക്കാട്, തോന്നല്ലൂർ, മുട്ടം തുടങ്ങിയ ഭാഗങ്ങളിൽ നിന്നുമാണ് കുട്ടികൾ ഇവിടെയെത്തുന്നത്.

## വിദ്യാലയ ചരിത്ര സംക്ഷിപ്തം

പന്തളം ഗവ:യു.പി.സ്കൂൾ 1872-ൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ആരംഭിച്ചു. 40 വർഷത്തോളം അഞ്ചാം ക്ലാസുവരെയുള്ള പെൺപള്ളിക്കൂടമായി പ്രവർത്തിച്ചു. എന്നാൽ കാറ്റിലും മഴയിലും സ്കൂൾ കെട്ടിടം വീഴുകയും നാട്ടിലെ സാമൂഹ്യബോധമുള്ള പൗരൻന്മാർ ഒരുമിച്ച് ബ്രിട്ടീഷ് ഭരണാധികാരിയായിരുന്ന മിച്ചൽ സായി പിന് നിവേദനം നൽകുകയും പുതിയ ഓലമേഞ്ഞ ഒരു കെട്ടിടം നിർമ്മിച്ച് ഒരു എലിമെന്ററി (മിക്സഡ്) സ്കൂളായി പുനഃസ്ഥാപിക്കുകയും ചെയ്തു. ആദ്യകാലങ്ങളിൽ 10 കി.മി. ദൂരെനിന്നുപോലും കുട്ടികൾ ഈ സ്കൂളിൽ എത്തിയിരുന്നു. പന്തളത്തെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം പിന്നീട് സ്ഥാപിക്കപ്പെട്ടവയാണ്. പരിസരവാസികളായ പ്രഭുകുടുംബങ്ങൾ സംഭാവന ചെയ്ത സ്ഥലത്ത് നാട്ടുകാരുടെ മുഴുവൻ സഹായത്തോടെയാണ് ഈ സ്കൂൾ പണിതുയർത്തിയത്. സാമ്പത്തിക വർണ വർഗ്ഗ വ്യത്യാസമില്ലാതെ ഇവിടെ വന്നുചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഉന്നതമായ സാമൂഹ്യസമത്വത്തിൽ ഈ സ്കൂളിൽ നിന്നും വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിരുന്നു.

1950 നും 60 നും ഇടയിൽ ഈ വിദ്യാലയത്തിൽ 1700 കുട്ടികളും കുട്ടികളും 42 അദ്ധ്യാപകരും ഉണ്ടായിരുന്നു. സംഗീതം, ചിത്രമെഴുത്ത്, തയ്യൽ ക്രാഫ്റ്റ് എന്നിവയ്ക്ക് പുറമെ കായികാദ്ധ്യാപകരും 1975 വരെ ഈ സ്കൂളിൽ സേവനമനുഷ്ഠിച്ചിരുന്നു. ഇന്ന് ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്ന പല ബഹുമുഖപ്രതിഭകളും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത് ഈ സരസ്വതിക്ഷേത്രത്തിൽ നിന്നുമാണ്.

പഠനവുമായും സാമൂഹ്യമായും ബന്ധപ്പെട്ട നിരവധി പരിപാടികൾക്ക് ഈ വിദ്യാ ലയം വേദിയായിട്ടുണ്ട്. ആറന്മുള, അടൂർ തുടങ്ങിയ സമീപ സബ്ജില്ലകളിലെ അദ്ധ്യാ പക പരിശീലനവും, സർക്കാർ തലത്തിലും പഞ്ചായത്തു തലത്തിലുമുള്ള മിക്ക സാമ ഹഹബോധവൽക്കരണ പരിപാടികളും ഈ വിദ്യാലയത്തിൽ വച്ചാണ് നടത്തപ്പെടുന്നത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് – 1

**മലയാളം**

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടിയുടെ സമഗ്രവികസനമാണ് നാം ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, ലേഖനം, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും, വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

## പ്രവർത്തനങ്ങൾ

❖ പാട്ടരങ്ങ്

❖ സംയുക്ത ഡയറി

❖ രചനോത്സവം

❖ വായനോത്സവം

❖ കൂട്ടെഴുത്ത് പത്രം

❖ വരയുത്സവം

❖ റിഡേഴ്സ് തീയേറ്റർ

❖ പഠനോത്സവം

❖ സചിത്ര കഥാരചന

❖ നിർമ്മാണ ശില്പശാല

## വാർഷിക ലക്ഷ്യങ്ങൾ

❖ ചെറുസദസ്സിനു മുൻപാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.

❖ ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.

❖ ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, കഥ, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

❖ ഓരോ കുട്ടിയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.

- ഓരോ കുട്ടിയുടേയും തിരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

## ജൂൺ

**ലക്ഷ്യങ്ങൾ**

- ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.
- കുട്ടി അധ്യാപിക ബന്ധം സ്ഥാപിക്കുക
- പൂർണപങ്കാളിത്തമുള്ള ക്ലാസ് പി.ടി.എ ഉറപ്പാക്കുക
- പാട്ടരങ്ങ്, വരയുത്സവം, കഥോത്സവം സംഘടിപ്പിക്കുക
- സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന പാട്ടുകൾ, കഥകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടു ക.

**പ്രവർത്തനങ്ങൾ**

**ക്ലാസ്മുറിക്രമീകരണം**

- ക്ലാസ് പി.ടി.എയിൽ പാട്ടുത്സവം, കഥോത്സവം ഉദ്ഘാടനം
- വായനാപാഠം പരിചയപ്പെടുത്തൽ
- കഥ എങ്ങനെ പറയും? പരിശീലനം മാതാപിതാക്കൾ
- എല്ലാ ദിവസവും കുട്ടിയെ ഒരു കഥ അമ്മ പറഞ്ഞു കേൾപ്പിക്കണം.
- എല്ലാ ദിവസവും ഒരു കഥ Tr. ക്ലാസ്സിൽ അവതരിപ്പിക്കുക.
- മൂന്നാം ആഴ്ചയിൽ കുട്ടിയ്ക്ക് കഥ പറയാൻ അവനാകും
- എല്ലാ ദിവസവും 2/3 കുട്ടികൾക്ക് ക്ലാസിൽ കഥ പറയാനവസരം.
- തീയതി, കുട്ടിയുടെ പേര്, കഥയുടെ പേര് എന്നിവ ചാർട്ടിൽ രേഖപ്പെടു ത്തൽ.
- വീഡിയോ ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടൽ
- TB യിലെ പാട്ട് കൂടാതെ ഒരുപാട്ട് താളത്തോടെ ചുവട് വച്ച് പാടുന്നു.

## വിലയിരുത്തൽ

- സങ്കോചമില്ലാതെ പാട്ട്, കഥ അവതരിപ്പിക്കുന്നവർ ആരെല്ലാം?
- ക്ലാസ് ആരംഭിച്ചപ്പോഴുള്ള സ്വഭാവസവിശേഷതകൾക്ക് മാറ്റം വന്നവർ ആരെല്ലാം? (ഉൾവലിഞ്ഞ സ്വഭാവം)
- ഉത്സാഹത്തോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ ആരെല്ലാം?
- വീട്ടിൽ നിന്നും ശ്രദ്ധകിട്ടാത്ത കുട്ടികൾ ഉണ്ടോ? ആരെല്ലാം?
- ശാരീരിക, മാനസിക, വൈകല്യം പ്രകടിപ്പിക്കുന്ന കുട്ടികൾ ഉണ്ടോ? ആരെല്ലാം? കാരണം.

## ജൂലൈ

## ലക്ഷ്യങ്ങൾ

- ക്ലാസ് പി.ടി.എയിൽ സംയുക്ത ഡയറി, ആവശ്യകത, എഴുത്തുരീതി പരിചയപ്പെടുത്തൽ
- സങ്കോചമില്ലാതെ കഥ അവതരിപ്പിക്കുന്ന.
- കഥയിലെ സന്ദർഭങ്ങൾ ചിത്രീകരിക്കുന്നതിനുള്ള കഴിവ് നേടുന്നു.
- അനുഭവങ്ങൾ ഉൾപ്പെടുത്തി സംയുക്തി ഡയറി എഴുതുന്നു.

## പ്രവർത്തനങ്ങൾ

- ക്ലാസ് പി.ടി.എ കൂടി കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
- പാട്ടുത്സവം നടത്തുന്നു.
- കഥോത്സവം നടത്തുന്നു.
- മികച്ച രീതിയിൽ കഥ അവതരിപ്പിച്ച കുട്ടിക്ക് അഭിനന്ദനം
- ജൂലൈ മാസത്തിലെ പ്രവർത്തനങ്ങൾ അവതരണം - ചർച്ച
- വരയുത്സവം, കഥോത്സവം (ലെവൽ 2)
- സംയുക്ത ഡയറി പരിചയപ്പെടുത്തുന്നു.
- ഭാവാത്മകമായി കഥ അവതരിപ്പിക്കുന്നു.
- കഥയിലെ ഇഷ്ടപ്പെട്ട കഥാപാത്രങ്ങളെ ചിത്രീകരിക്കുന്നു. പേരെഴുതുന്നു.

- കഥയിലെ ഇഷ്ടപ്പെട്ട സന്ദർശനം ചിത്രീകരിക്കുന്നു. കഥാപാത്രങ്ങളുടെ സംഭാഷണം Speech buddle ൽ എഴുതുന്നു.
- സംയുക്ത ഡയറി എഴുതുന്നു. വായന മികച്ച ഡയറി എല്ലാ ദിവസവും വാട്സാപ്പ് ഗ്രൂപ്പിൽ പങ്കു വയ്ക്കുന്നു.
- പാട്ടുത്സവം തുടരുന്നു.

**വിലയിരുത്തൽ**

- നിർദേശങ്ങൾക്കനുസരിച്ച് സംയുക്തഡയറി എഴുതിയത് ആരെല്ലാം?
- മികച്ച അനുഭവങ്ങൾ ഡയറിയിൽ എഴുതിയത് ആരെല്ലാം?
- കഥയിലെ സന്ദർഭം ചിത്രീകരിക്കുന്നതിൽ മികവ് പുലർത്തിയതാരെല്ലാം.
- സംയുക്ത ഡയറി എഴുതുന്നതിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം ലഭിക്കാത്ത കുട്ടികൾക്ക് സ്കൂളിൽ വച്ച് ടീച്ചറിന്റെ പങ്കാളിത്തത്തോടെ എഴുതാനവസരം.

## ആഗസ്റ്റ്

**ലക്ഷ്യങ്ങൾ**

- സജീവമായ ക്ലാസ്സ് പി.ടി.എ
- താളവൈവിധ്യമുള്ള പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും ചൊല്ലുന്നു.
- ക്ലാസ് ലൈബ്രറി, ഒന്നാം ക്ലാസ്സുകാരുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ചേർത്ത് ക്രമീകരിക്കുന്നു.
- കുട്ടികളെ സ്വതന്ത്ര്യവായനക്കാരാക്കുക (വായനോത്സവം)
- സ്വതന്ത്ര്യരചനയ്ക്ക് അവസരം ഒരുക്കുന്നു.
- അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുന്നു.
- സംയുക്തഡയറി-കുട്ടിയുടെ അനുഭവങ്ങളും, ആശയങ്ങളും പ്രതിദിനം രേഖപ്പെടുത്തി മികച്ച ഡയറി എഴുതുന്നു.

**പ്രവർത്തനങ്ങൾ**

- ക്ലാസ്സ് പി.ടി.എ
- ജൂലൈ മാസത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
- ഒന്നഴക് (കഥ, ചിത്രീകരണം, പതിപ്പ്) പ്രകാശനം

- സംയുക്ത ഡയറി വിലയിരുത്തൽ
- മികച്ച സംയുക്ത ഡയറി എഴുതിയ കുട്ടിയെ അഭിനന്ദിക്കുന്നു.
- പാട്ടുത്സവം, കഥയുത്സവം നടത്തുന്നു.
- ആഗസ്റ്റ്  മാസത്തിലെ പ്രവർത്തനം ചർച്ച ആസൂത്രണം
- വായനോത്സവം
- ക്ലാസ്സ്  ലൈബ്രറി ക്രമീകരണം
- ഒന്നാം ക്ലാസ്സുകാരുടെ നിലവാരം അനുസരിച്ചുള്ള പുസ്തകങ്ങൾ ക്ലാസ്
- ലൈബ്രറിയിൽ ക്രമീകരിക്കുന്നു.
- പുസ്തകവായന എങ്ങനെ
- രക്ഷാകർതൃ പരിശീലനം
- സംയുക്ത പുസ്തകവായന (അമ്മ-കുട്ടി)
- അമ്മ-കുട്ടി വായനയ്ക്കായി ആഴ്ചയിൽ ഒരു പുസ്തകം വീതം വിതരണം ചെയ്യുന്നു.

<u>**വായനഘട്ടങ്ങൾ**</u>

- അമ്മ കഥ വായിക്കുന്നു. ബാക്കി കഥാസന്ദർഭം ചിത്രം നോക്കി കുട്ടി ഊഹിച്ച് പറയുന്നു.
- ചിത്രം നോക്കി കുട്ടി തനിയെ കഥ പറയുന്നു.
- പുസ്തക രജിസ്റ്റർ തയ്യാറാക്കുന്നു.
- രചനോത്സവത്തിനായി ചിത്രക്കാർഡുകൾ നൽകുന്നു. എന്തായിരിക്കും കഥാപാത്രങ്ങൾ പറയുന്നത് ഊഹിച്ചെഴുതുക.
- സ്കൂൾ പത്രം തയ്യാറാക്കുന്നു. ഓരോ മാസത്തേയും പ്രവർത്തനങ്ങൾ ചിത്രം ഒട്ടിച്ച് ഹെഡ്ഡിംഗ്, തീയതി, മാസം എഴുതി Monthly പത്രം തയ്യാറാക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ അനുഭവങ്ങൾ ചേർത്ത് എഴുതുന്നു.

<u>**വിലയിരുത്തൽ**</u>

ക്ലാസ്സ് ലൈബ്രറിയോടുള്ള കുട്ടികളുടെ പ്രതികരണം എങ്ങനെ?

സംയുക്ത പുസ്തക വായനാരീതി പ്രയോജനം ചെയ്യുന്നുണ്ടോ?

- ഓരോ പ്രവർത്തനത്തിലും കുട്ടികളുടേയും, രക്ഷിതാക്കളുടേയും പങ്കാളിത്തം എങ്ങനെ?
- ഡയറി എഴുത്തിലൂടെ ഭാഷാപരമായ മുന്നേറ്റം ഉണ്ടായിട്ടുണ്ടോ? ഉണ്ടെ
- ങ്കിൽ ആർക്കെല്ലാം? എപ്രകാരം?

## സെപ്റ്റംബർ

### ലക്ഷ്യങ്ങൾ

- സജീവമായ ക്ലാസ്സ് പി.ടി.എ
- ഓരോ കുട്ടിക്കും ഭാഷാപരമായി ഉണ്ടായ മാറ്റം രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തൽ
- ഒന്നാം ടേം ഉത്സവങ്ങൾ മികച്ചതാക്കൽ
- ആശയാവതരണ രീതിയിലൂടെ ഉയർന്ന രൂപങ്ങളിൽ ഒന്നെന്ന രീതിയിൽ സംയുക്ത ഡയറി എഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേയ്ക്ക് വഴിയൊരുക്കുകയും ചെയ്യുക.
- ആശയഗ്രഹണ വായന പ്രോത്സാഹിപ്പിക്കുക.
- സ്വതന്ത്ര്യരചനയ്ക്ക് അവസരം ഒരുക്കുക.
- സർഗ്ഗവേള, അസംബ്ലി എന്നിവയിൽ കുട്ടികൾ അവർക്കിഷ്ടപ്പെട്ട പാട്ട് ഒറ്റയ്ക്കും കൂട്ടായും പാടുന്നു.

### പ്രവർത്തനങ്ങൾ

- ക്ലാസ്സ് പിടിഎയിൽ ആഗസ്റ്റ് മാസത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
- ആഗസ്റ്റ് മാസത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച കുട്ടി/കുട്ടികളെ അഭിനന്ദിക്കുന്നു.
- സെപ്റ്റംബർ മാസത്തിലെ പ്രവർത്തനങ്ങൾ അവതരണം, ചർച്ച ആസൂത്രണം.
- പാട്ടരങ്ങ് നടത്തുന്നു.
- സംയുക്ത ഡയറിയെഴുത്ത് ഭാഷാപരമായും, വിഷയപരമായും വൈവിധ്യം പരിഗണിക്കുന്നു.

- പുസ്തകവായന (ലെവൽ 2) കുട്ടി ചിത്രം നോക്കി തനിയെ കഥ പറയുന്നു. ശേഷം അമ്മ ചിത്രസൂചകങ്ങൾ ചേർത്ത് ഓരോ വാക്യത്തിന് ചുവടിലൂടെയും വിരലോടിച്ച് വായിക്കുന്നു. കുട്ടി കേൾക്കുന്നു. തന്റെ കഥയിലേയും അമ്മ വായിച്ച കഥയിലേയും വ്യത്യാസം മനസിലാക്കുന്നു.
- കേട്ടകഥ ക്ലാസിൽ അവതരിപ്പിക്കുന്നു.
- വായിച്ച കഥ അമ്മയും, കുട്ടിയും ചേർന്ന് പുനഃചിത്രീകരിക്കുന്നു.
- ചിത്രം കുട്ടി വരയ്ക്കണം. സംയുക്ത എഴുത്താണ് നടക്കേണ്ടത്. Speech bubble ൽ ഡയലോഗ് മാത്രം എഴുതിയാൽ മതി. (സ്വതന്ത്ര്യ രചനയിലേക്ക് കടക്കുന്നു. ആഴ്ചയിൽ ഒന്ന്)

**വിലയിരുത്തൽ**

- സംയുക്തരചനയിൽ പങ്കാളിത്തം എപ്രകാരം?
- സംയുക്ത രചനയിലെ ഭാഷാവാവിധ്യം, രചനാ മികവ് പുലർത്തുന്നവരാരെല്ലാം?
- ഡയറി രചന മികവ് പുലർത്തുന്നുണ്ടോ? ഉണ്ടെങ്കിൽ എപ്രകാരം?

## ഒക്ടോബർ

**ലക്ഷ്യങ്ങൾ**

- സജീവമായ ക്ലാസ് പി.ടി.എ
- താളത്തോട് ചേർന്ന് നിന്നുകൊണ്ട് പുതിയ വാക്കുകളും, വരികളും കൂട്ടിച്ചേർത്ത് പാടാൻ കഴിവ് നേടുന്നു.
- സംയുക്ത ഡയറി എഴുത്ത്, സ്വതന്ത്രരചനകൾ എന്നിവയിലൂടെ ലേഖനമികവ് പ്രകടിപ്പിക്കുന്നു.
- എല്ലാ കുട്ടികളേയും സ്വതന്ത്ര്യ രചയിതാക്കൾ ആക്കുന്നു.
- എല്ലാ കുട്ടികളേയും സ്വതന്ത്ര്യ വായനക്കാരാക്കുന്നു.

**പ്രവർത്തനങ്ങൾ**

- ക്ലാസ് പി.ടി.എയിൽ സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

- ❖ സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങളിൽ (സംയുക്ത ഡയറി-സംയുക്ത രചന) മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികളെ അഭിനന്ദിക്കുന്നു.
- ❖ ഒന്നഴക് Volume 2 പതിപ്പ് (സംയുക്ത രചന) പ്രകാശനം
- ❖ ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ അവതരണം, ചർച്ച-ആസൂത്രണം.
- ❖ പാട്ടരങ്ങ് താളത്തിനനുസരിച്ച് വരികൾ കൂട്ടിച്ചേർത്ത് പാടാവുന്ന പാട്ടുകൾ.
- ❖ സംയുക്തവായനയിൽ നിന്നും സ്വതന്ത്ര വായനയിലേക്ക്

**ചിത്രവായന**

- ❖ സ്വതന്ത്ര്യ വായന - പുസ്തകത്തിൽ എഴുതിയത് നോക്കി കുട്ടി തനിയെ വായിക്കുന്നു. (അമ്മയ്ക്ക് സഹായം നൽകാം) കഥയുടെ ആശയം മനസ്സിലാകണമെന്നില്ല.
- ❖ 2/3 times വായിക്കുന്നു.
- ❖ കഥ തനിയെ പറയുന്നു
- ❖ അസംബ്ലിയിൽ താൻ വായിച്ച പുസ്തം കുട്ടി പരിചയപ്പെടുത്തുന്നു. (ആഴ്ചയിൽ)
- ❖ സംയുക്ത രചനയിൽ നിന്നും സ്വതന്ത്ര രചനയിലേക്ക്
- ❖ വായിച്ച കഥയെ ചിത്രകഥാരൂപത്തിൽ എഴുതുന്നു.
- ❖ (ചിത്രകഥ എഴുതുന്നതിൽ രക്ഷകർത്താവിന് പി.ടി.എയിൽ പരിശീലനം നൽകണം)
- ❖ ഫ്രെയിം കണ്ടെത്തൽ
- ❖ ഫ്രെയിമിനെ ചിത്രീകരിക്കൽ
- ❖ അനുയോജ്യമായ വാചകങ്ങൾ ചേർത്ത് കഥ എഴുതുന്നു.

(ഈ പ്രവർത്തനം ക്ലാസ് റൂമിൽ ചെയ്തതിനുശേഷം വ്യക്തിഗത രചനയ്ക്ക് നൽകാം)

**വിലയിരുത്തൽ**

- വരികൾ കൂട്ടിച്ചേർത്ത് (താളത്തിനനുസരിച്ച്) പാടാൻ കഴിയുന്നവരാരെല്ലാം?
- സംയുക്ത ഡയറി എഴുതുന്നതിൽ ഭാഷാപരമായ വളർച്ചയും, വൈവിധ്യവും പുലർത്തുന്നവരാരെല്ലാം?
- മറ്റുള്ളവർക്കായി ചെയ്യാവുന്ന പരിഹാര പ്രവർത്തനങ്ങൾ എന്തെല്ലാം?
- സ്വതന്ത്രവായനയിൽ മികവു പുലർത്തുന്നവർ ആരെല്ലാം?
- ചിത്രകഥാ രചനയിൽ മികവ് പുലർത്തിയത് ആരെല്ലാം?
- ചിത്രകഥാ രചനയിൽ നേരിട്ട പ്രശ്നങ്ങൾ, പരിഹാര പ്രവർത്തനങ്ങൾ

## നവംബർ

- സജീവമായ ക്ലാസ് പി.ടി.എ
- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- വായനോത്സവം/രചനോത്സവം/പത്രവായനയ്ക്ക് അവസരം ഒരുക്കൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ

**പ്രവർത്തനങ്ങൾ**

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്രവായന നടത്തുന്നു.
- ചെറിയ വായനക്കാർഡുകൾ, ബാലസാഹിത്യ കൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു.
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകരവുമായി അവതരിപ്പിക്കൽ
- രചനശേഷി പരിപോഷിപ്പിക്കൽ
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും, കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘു രചന ശില്പങ്ങൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായനകേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറു കവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടേയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

- കുട്ടികളുടെ സ്വതന്ത്രരചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുന്നിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

- ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയപൂർണ്ണതയോടെ സ്വതന്ത്രമായി വായിക്കുന്നതിനും, എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയപൂർണ്ണതയോടെ തത്സമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- ആശയപൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

**പ്രവർത്തനങ്ങൾ**

- കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ, പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങലവായന, സ്വതന്ത്ര രചന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ

**വിലയിരുത്തൽ പ്രവർത്തനങ്ങൾ**

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാ പ്രവർത്തനങ്ങളുമായി ഉറപ്പിച്ചിച്ചുണ്ട്.

- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്തഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മശേഷി വികസനത്തിനുള്ള  കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളേയും സചിത്ര പാഠ്യപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ക്ലാസ് 1

## ഗണിതം

ഗണിതം നിത്യജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും, കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

**ലക്ഷ്യങ്ങൾ**

- ഒന്നു മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു. എഴുതുന്നു. വായിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒമ്പതിൽ താഴെവരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
- ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും, എഴുതുകയും, വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ
- ഒരക്ക സംഖ്യയും, രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
- സംഖ്യാകാർഡ് നിർമ്മിക്കൽ

## ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാകാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ
- ഏർപ്പെടുന്നു.

## സെപ്റ്റംബർ

- സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തുന്നു.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
- സംഖ്യാഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

- ഒരു സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

- സംഖ്യാഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.
- ഒരക്കസംഖ്യയും, രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തന ങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

- സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

- ഒരക്കസംഖ്യയും, രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തന ങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

- ഗണിത ആൽബം, പി.റ്റി.എ യിൽ പ്രദർശിപ്പിക്കുന്നു
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ
- സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# ACADEMIC MASTER PLAN
## STD 1

## ENGLISH

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to speak English. Every child should be able to speak English Fluently like Malayalam. We have to keep the language English close toour heart. The academic master plan is designed to ensure that not a single child goes illiterate.

**Objetives and Learning outcomes**

- Respond to simple instructions in the clas room
- Describe orally about the picture and objects.
- Familiarise with simple words
- Enjoy songs and sing them with rythm and action
- Familiarise the names of birds, animals, their young ones and identifies them pictures.

## June

- Introduce simple words
- Provides picture cards

## July

- Identify familiar words
- Say familiar words
- Read familaru words
- Write familiar words

## August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects wing adjectives.

## September

- Read and write simple words and simple sentenses.
- Provides picture cards and reading cards.

**November**

- Introduce simple picture descriptions
- Make word chain, sentence chain
- Make riddles
- Describing words, rhyming words
- Text book activities

**November**

- Prepare reading cards
- Provide more opportunities to read, write and speak english
- Writes five English words daily

**December**

- Read and understand simpe instructions in the class room
- Encourage digital reading

**January**

- Enjoy songs and sings them with rhythm and action
- Make picture albums
- Collect pictures of animals and its young ones

**February**

- Provide the opportunity to express myself in the class room
- English assembly once in a week

**March**

- Speaks English fulently
- Read and write simple sentenses
- Picture reading and picture description

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ക്ലാസ് 2

## മലയാളം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല, വൈകാരിക മേഖ ല, എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യ മിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസ ത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയ ഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തി ലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൻ ഏർപ്പെടുകയും വ്യക്തി ഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാപുരണം)

## മുന്നൊരുക്കം

- പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുള്ള കുട്ടികളെയും കണ്ടെ ത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാമാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

## ജൂൺ

- ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാസാമഗ്രികൾ നിർമ്മിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട കളം സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുക

## ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടുലൈബ്രറി ഒരുക്കൽ
- ചിത്ര വിതരണം
- വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണമൊരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങളുണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന

## നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരമൊരുക്കുന്നു.

## ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരമൊരുക്കൽ (കവിത പൂരണം)
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ, എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരമൊരുക്കൽ

## ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
- കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരമൊരുക്കൽ

# മാർച്ച്

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
- ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്തു മാസിക, മാഗസിനുകൾ തയ്യാറാക്കൽ
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ശക്തമാക്കൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് 2

## ഗണിതം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടുവന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയ ങ്ങൾ ഉൾക്കൊണ്ടുതന്നെയാണ് കുട്ടി പഠിക്കേണ്ടതാണ്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യ കളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നോപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടു ക്കുന്നതിന്
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് എണ്ണുന്നു, എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാനാകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗിക ഗണിത പ്രശ്നങ്ങൾപരിഹരിക്കുന്നു, വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

## മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതി യിൽ പ്രയോജനപ്പെടുത്തൽ

## ജൂൺ

- 1, 2, 3, 4......

  1, 3, 5, 7........

  10, 20, 30, 40....

5, 10, 15, 20.....

2, 4, 6, 8..... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ടു മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

## ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരുകൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5=10, 10+10=20)

## ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്തുവാനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- വിലവിവര പട്ടിക തയ്യാറാക്കൽ

ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു
- സങ്കലന, വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ

(പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ

5...10.....15.....20.....25

(5 വീതം കൂട്ടിയാൽ പ്രശ്നം വിശകലനം ചെയ്യാം)

## നവംബർ

- സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടിത്തയ്യാറാക്കി സംഖ്യ എഴുതൽ
- 'ക്ലാസിനൊരു' കളിയിലൂടെ പ്രശ്നം നിർദ്ധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

10 രൂപ + 5 രൂപ = 15 രൂപ നോട്ട് നാണയം

## ഡിസംബർ

- സംഖ്യാബോധം തിരിച്ചറിയൽ - സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതിയിൽ ഉപയോഗിക്കുന്നു.

## ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ
- വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർദ്ധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

## ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

## മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്
- മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# ACADEMIC MASTER PLAN
## STD 2

## ENGLISH

Aim

To speak, read and  write English without anyu mistakes.

Pretest:

To develop listening skills and reading skills first.

Listening skills:

Games, Action songs, Hello English Activities,

Activities, 2 concecrsation, skills stories

Use JCJ

Speaking Skills

Descriptions, growing sentences, picture reading, pictire description, self introduction, Assembly activities - speech, book receive, quiz riddles, self introduction, school radio etc..

Reading skills

News paper reading, libriary books reading, book review, reading bracking news, find words, collect and read past lense, rhyming words, descrbing words etc.

Textbook Activities

Make word weeb, picture description, word chain, sentence chain, make words and sentences make riddles, conversations, add more lines, develop story, descriptions, notice prosamation, diary letter announcements, magazines.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 3

## 202526

## മലയാളം

## ആമുഖം

കുട്ടികളുടെ സമഗ്രവികസനമാണ് നമ്മുടെ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

ഭാഷ ആസ്വദിച്ച് ഭാഷാഭേദങ്ങൾ അറിഞ്ഞ് ഭാഷയെ അടുത്തറിയുക, വായനാസാമഗ്രികൾ പ്രയോജനപ്പെടുത്തുക എന്നീ കാര്യങ്ങളെ മുൻനിർത്തി ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്.

ലക്ഷ്യങ്ങൾ

- ❑ എല്ലാ കുട്ടികളേയും തെറ്റുകൂടാതെ വായിക്കാനും എഴുതാനും പഠിപ്പിക്കൽ
- ❑ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- ❑ വായനാസാമഗ്രികൾ വായിക്കുന്നതിൽ താല്പര്യം ഉണ്ടാവുക

## പ്രവർത്തന പദ്ധതികൾ

| ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ |
|---|---|---|---|---|
| • പ്രീടെസ്റ്റ് നടത്തുക<br>• പ്രീടെസ്റ്റ് അവലോകനം<br>• വ്യത്യസ്ത നിലവാരക്കാരെ കണ്ടെത്തൽ<br>• പരിസ്ഥിതി ആഘോഷ കവിതകൾ<br>• പുസ്തകമേള സംഘടിപ്പിക്കൽ, വായനാവാരം<br>• അമ്മ വായന<br>• പി.ടി.എ അവലോകനം<br>• സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിനായി കുട്ടികളെ മനസ്സിലാക്കൽ | • വിവരണം തയ്യാറാക്കൽ<br>• വാക്യപരിചയം<br>• പദങ്ങളുടെ പ്രയോഗങ്ങൾ ഉപയോഗങ്ങൾ<br>• വ്യത്യസ്തതരം വിശേഷണ പദങ്ങളുടെ ഉപയോഗം<br>• കഥാവായന<br>• എഴുത്ത്<br>• പഴഞ്ചൊൽ പരിചയപ്പെടുത്തൽ<br>• പതിപ്പ് നിർമ്മാണം | • കടങ്കഥകൾ പരിചയപ്പെടുത്തൽ<br>• കടങ്കഥകളുടെ രൂപീകരണം<br>• നാടോടിക്കഥാശേഖരണം<br>• കലാരൂപങ്ങൾ പരിചയപ്പെടൽ<br>• പി.ടി.എ | • കഥകൾ ആഴത്തിൽ വായിക്കുക.<br>• പ്രകൃതി നിരീക്ഷണം<br>• കുറിപ്പ് തയ്യാറാക്കുക<br>• കത്ത് തയ്യാറാക്കൽ<br>• വായ്ത്താരി തയ്യാറാക്കൽ<br>• അനുഭവ വിവരണം തയ്യാറാക്കൽ<br>• പി.ടി.എ | • വളരുന്ന വാക്യങ്ങൾ<br>• വാക്യഘടനയുടെ ചിട്ടയായ പാലനം<br>• ചിഹ്നങ്ങൾ ചേർത്ത് എഴുതൽ<br>• വിവരണത്തിൽ സാഹിത്യ രൂപങ്ങൾ ഉൾപ്പെടുത്തൽ<br>• പതിപ്പു തയ്യാറാക്കൽ |

## പ്രവർത്തന പദ്ധതികൾ

| നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|
| • ഉചിതമായ ചിഹ്നങ്ങൾ ചേർത്തെഴുത്തൽ അവസ്ഥ<br>• ലളിതമായ വായനാക്കാർഡുകൾ പരിചയപ്പെടൽ | • വായനാക്കാർഡ് നിർമ്മാണം<br>• സ്വതന്ത്രവായന<br>• ഡയറി എഴുത്ത് | • ചിത്രകഥകൾ വിപുലീകരിച്ചുള്ള എഴുത്ത്<br>• ചിത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള കഥ എഴുത്ത് | • കഥാപതിപ്പ് തയ്യാറാക്കൽ<br>• കത്ത് എഴുത്ത്<br>• നോട്ടീസ് എഴുത്ത് | • പി.ടി.എ നടത്തുന്നു.<br>• വായനയിലും എഴുത്തിലും ഉണ്ടായ പുരോഗതി വിലയിരുത്തൽ<br>• മികവുകൾ ബോധ്യപ്പെടുത്തുന്നു.<br>• മികവ് അവതരണം |

# ജി.യു.പി.എസ്
# പന്തളം

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് 3
## 2025–26

## ഗണിതം

## ആമുഖം

ഒന്ന്, രണ്ട് ക്ലാസ്സുകളിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ച ശേഷമാണ് മൂന്നാം ക്ലാസ്സിലേക്ക് എത്തുന്നത്. പക്ഷേ പഠനവിടവുകൾ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് അത്തരം വിടവുകൾ പരിഹരിച്ചുകൊണ്ട് മൂന്നാം ക്ലാസ് ഗണിത പ്രവർത്ത നങ്ങൾ ആസൂത്രണം ചെയ്യുകയാണ് ഉത്തമം.

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഉദ്ദേശ പൂർത്തീകരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള ആസൂത്രണം നടത്തുവാൻ ആണ് ഉദ്ദേശിക്കുന്നത്. വ്യക്തിഗത പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്.

ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപകല്പന ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ തുല്ല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ആസൂത്രണംകൊണ്ട് പൂർത്തീയാക്കേണ്ടത് ആവശ്യമാണ്.

**ലക്ഷ്യങ്ങൾ**

- മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.
- ഗണിത പഠനം ഉല്ലാസപ്രദവും കൗതുക കരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക.
- സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പിക്കുക.
- മുഴുവൻ കുട്ടികളേയും മികച്ച പ്രശ്ന പരിഹരണശേഷിയുള്ളവരാക്കി മാറ്റുക
- പ്രശ്നാപഗ്രഥനം നടത്തുന്നതിനുള്ള ശേഷി വളർത്തുക,
- ചതുഷ്ക്രിയകൾ ഉറപ്പിക്കുക

# പ്രവർത്തന പദ്ധതികൾ

| ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ |
|---|---|---|---|---|
| • പ്രീടെസ്റ്റ്<br>• ഭിന്നനിലവാരക്കാരെ കണ്ടെത്തൽ<br>• സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കൽ<br>• 1 മുതൽ 100 വരെയുള്ള സംഖ്യകൾ എഴുതണം.<br>• സങ്കലനം, വ്യവകലന ക്രിയകൾ എഴുതൽ<br>• ഒന്നുകൾ, പത്തുകൾ സ്ഥാന വില കണ്ടെത്തൽ.<br>• സംഖ്യകൾ നിർമ്മിക്കുക<br>• രൂപങ്ങൾ പരിചയപ്പെടുക<br>• ജ്യാമതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള ചിത്രം വരയ്ക്കുക. | • ഇഷ്ടമുള്ള മൂന്നക്ക സംഖ്യയുടെ നിർമ്മാണം<br>• സംഖ്യകളെ 10, 100 ന്റെ കൂട്ടങ്ങളാക്കുക.<br>• സംഖ്യകളെ വ്യാഖ്യാനിക്കൽ | • സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കൽ<br>• സങ്കലനം, വ്യവകലനം ചെയ്യുക<br>• പ്രയോഗിക പ്രശ്നങ്ങളുടെ വിശകലനം | • മൂന്നക്ക സംഖ്യകളുടെ സങ്കലനം,വ്യവകലനം ചെയ്യുക<br>• പ്രയോഗിക പ്രശ്നങ്ങളുടെ വിശകലനം | • ഗണിതം വിജയം കളികൾ<br>• മൂന്നക്ക സംഖ്യാ സങ്കലന വ്യവകലനം<br>• ഗുണന വസ്തുതകൾ തയ്യാറാക്കുക, പരിചയപ്പെടുക |

## പ്രവർത്തന പദ്ധതികൾ

| നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|
| •ഗുണന പട്ടികയുടെ രൂപീകരണം<br>•ഗുണന വസ്തുതകളുടെ അപഗ്രന്ഥനം<br>• നിത്യജീവിത ഗണിത പ്രശ്നങ്ങളുടെ നിർവ്വഹണം | •പ്രായോഗിക പ്രയത്നങ്ങളുടെ വിശകലനം | • കച്ചവടകണക്കുകൾ ചെയ്യൽ<br>•നീളം അളക്കാനുള്ള യൂണിറ്റ് മീറ്റർ ആണെന്ന് കണ്ടെത്തൽ | •പ്രായോഗിക പ്രശംന പരിഹരണം നടത്തുക.<br>•ത്രാസ്, അളവ് പാത്രങ്ങൾ<br>•ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | • ഗണിതവിജയ പ്രവർത്തനങ്ങൾ<br>• മികവുകൾ പരിഗണിക്കൽ മെച്ചപ്പെടുത്തൽ |

# ജി.യു.പി.എസ്
# പന്തളം

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് 4
## 2025-26

## മലയാളം - 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (സമഗ്ര ഗുണമേന്മ പദ്ധതി) | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ - ശ്രദ്ധ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ശ്രദ്ധ- ജൂൺ-നവംബർ | SRG ക്ലാസ് ടീച്ചർ | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാകൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം, ആനുകാലിക വായന, സ്കൂൾ ലൈബ്രറി ഉപയോഗം | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ | പുസ്തകവായന, വായിച്ച പുസ്തകത്തെ പറ്റി പുസ്തക പരിചയ കുറിപ്പ്, അമ്മ വായന, സർഗാത്മക ഡയറി | വായനാ ദിനത്തിൽ തുടങ്ങി വർഷം മുഴുവൻ | SRG, HM, CPTA<br>ക്ലാസ് ടീച്ചർ | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുടെ ജന്മ -ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ, പുസ്തക പരിചയം, ക്വിസ്, ജീവിതരേഖ തയാറാക്കൽ, പതിപ്പ്, ലഘു പ്രഭാഷണം | ആവശ്യാനുസരണം | SRG, HM<br>ക്ലാസ് ടീച്ചർ | |

## മലയാളം - 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ (ICT) | കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രദർശനം, ICT സഹായത്തോടെ വിവിധ കലാരൂപങ്ങളുടെ പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | |
| സർഗോത്സവം-ഭാഷാപഠനത്തിന്റം ഭാഗമായി നേടിയ ശേഷികൾ ആത്മ വിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG, CPTA<br>ക്ലാസ് ടീച്ചർ | |
| | | | | |

## ഇംഗ്ലീഷ് - 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കുന്നതിന് അവസരം നൽകൽ. കഥയിലെ കഥാപാത്രങ്ങളായി അഭിനയിക്കൽ, സംഭാഷണം അവതരിപ്പിക്കൽ, ഇംഗ്ലീഷ് ക്ലാസിൽ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തൽ, ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി - തെറ്റില്ലാചെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | ആഴ്ചയിൽ ഒരു ദിവസം വെച്ച് | | |
| സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Drama, skit, conversation, story telling) | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് കോർണർ- വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ.<br>വായനകുറിപ്പ് - പുസ്തക പരിചയം | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഫെസ്റ്റ് - ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | വായനാമത്സരം, രചനാമത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷത്തിലൊരിക്കൽ | HM, SRG<br>ക്ലാസ് ടീച്ചർ | |

## ഗണിതം - 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ഉപയോഗിച്ച്) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ<br>ഏണിയും പാമ്പും, ഡയസ്കളി | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാംഗണിതശാസ്ത്ര പഠനം രസകരമാക്കൽ | ഒറിഗാമി രൂപങ്ങൾ നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം-പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | |
| ഗണിതശേഷികളുടെ പ്രകടനം, സർഗോത്സവം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG, HM<br>ക്ലാസ് ടീച്ചർ | |
| | | | | |

## പരിസരപഠനം - 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണ അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ CPTA | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഭൂപടമൊരുക്കാം-കേരളം-ഇന്ത്യ-ഭൂപട വായന - സൂചിക-പരിചയപ്പെടൽ | ഭൂപടവായന, ഭുപടരചന, സൂചികാനിർമ്മാണം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| എന്റെ നിരീക്ഷണ പതിപ്പ്, പതിപ്പ് തയ്യാറാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് 5 Eകളിലൂടെ കടന്നുപോവുകയും പതിപ്പ് തയാറാക്കുകയും ചെയ്യൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ശാസ്ത്രോത്സവം ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം - ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG, HM ക്ലാസ് ടീച്ചർ | |